നമ്പർ.സി5/12/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.09/07/2015.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാരുടെ - വിവരങ്ങൾ ആവശ്യപ്പെടുന്നത്

സൂചന :

വിവിധ സർക്കാർ വകുപ്പുകളിൽ സ്ഥിരനിയമനം ലഭിച്ചിട്ടുള്ള എല്ലാ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതായി പ്രഖ്യാപിക്കണമെന്നാണ് ചട്ടം. എന്നാൽ, പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്ഥിര നിയമനം ലഭിച്ച നിരവധി ക്ലാർക്കുമാർ നിരീക്ഷണകാലം പൂർത്തിയാക്കത്തവരായി ഇപ്പോഴും സർവ്വീസിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വീസിൽ പ്രവേശിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാരുടെ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രൊബേഷൻ പൂർത്തിയാക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഈ വകുപ്പിലെ എല്ലാ നിയമനാധികാരികളും അവരുടെ അധികാരപരിധിയിൽപ്പെടുന്ന ഓഫീസുകൾ/സ്കൂളുകൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരായ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത ക്ലാർക്കുമാരുടെ വിവരങ്ങൾ ഇതോടൊന്നിച്ചുള്ള ഫോർമാറ്റിൽ അടിയന്തിരമായി 31/07/2015-ന് മുൻപ് ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഉഷാകുമാരി വി.എസ്.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ജീവനക്കാരന്റെ പേര്, ഓഫീസ് | ജനന തീയതി | ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച തീയതി | എം.ഒ.പി. പാസ്സായ മാസം/വർഷം | മറ്റു വിവരങ്ങൾ |

സ്വീകർത്താവ്: *എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും* (പ്രൊബേഷൻ പൂർത്തിയാക്കാത്ത ക്ലാർക്കുമാരെ ഓഫീസിൽ പ്രധാന തസ്തികകളിൽ നിയമിക്കാൻ പാടുള്ളതല്ല.)